**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1754** **08-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ ഡ്യൂട്ടി സമയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ഒരു കണ്ടക്ടറും ഡ്രൈവറും ഡ്യൂട്ടി ആരംഭിക്കുന്ന സൈൻ ഓൺ മുതൽ ഡ്യൂട്ടി അവസാനിക്കുന്ന സൈൻ ഓഫ് വരെയുള്ള സമയം ഡ്യൂട്ടിയായിട്ടാണോ കണക്കാക്കേണ്ടത്; | (എ) | അതെ. |
| (ബി) | ഡ്യൂട്ടി ആരംഭിച്ചതു മുതൽ വിടുതൽ ചെയ്യുന്ന സമയം വരെ 8 മണിക്കൂർ കണക്കാക്കി ഡ്യൂട്ടി നിശ്ചയിക്കുന്ന നിയമത്തിൽ മുൻ സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നിയമാനുസൃതമായിട്ടല്ലാതെ തീരുമാനമെടുക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ; | (ബി) | ഡ്യൂട്ടി ആരംഭിച്ചതു മുതൽ വിടുതൽ ചെയ്യുന്ന സമയം വരെ 8 മണിക്കൂർ കണക്കാക്കി ഡ്യൂട്ടി നിശ്ചയിക്കുന്ന നിയമത്തിൽ മുൻ സർക്കാർ മാറ്റം വരുത്തിയിട്ടില്ല. 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടി സമയം ക്രമീകരിക്കുന്നതിന് നിയമാനുസൃതമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | 25.11.2020 രാവിലെ 10.30ന് തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്ന് മൂന്നാറിലേക്ക് പുറപ്പെട്ട് 27.11.2020 വൈകുന്നേരം 5.00 മണിക്ക് അവസാനിച്ച ഡ്യൂട്ടിയിൽ 26.11.2020 ലെ 24 മണിക്കൂർ സർവ്വീസ് കെ.എസ്.ആർ.ടി.സി. യുടെ തീരുമാനപ്രകാരം നിർത്തിവയ്ക്കേണ്ടി വന്ന ദിവസം ബന്ധപ്പെട്ട ക്രൂ അംഗങ്ങൾക്ക് ഒരു ഡ്യൂട്ടി മാത്രം നൽകിയത് നിലവിലുള്ള ഏതെങ്കിലും തൊഴിൽ ചട്ടപ്രകാരമാണോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (സി) | തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിലെ 10.30നുള്ള തിരുവനന്തപുരം – മൂന്നാർ സർവ്വീസിന് സാധാരണയായി ആകെ 17:20 മണിക്കൂർ സ്റ്റിയറിംഗ് സമയവും, 14:40 മണിക്കൂർ ഡ്യൂട്ടികൾക്കിടയിൽ ജീവനക്കാർക്ക് വിശ്രമവും ലഭിക്കുന്ന വിധത്തിൽ (ആകെ 32 മണിക്കൂർ) ആണ് ക്രമീകരിച്ചിട്ടുള്ളത്. ടി സർവ്വീസിന് 2 ഡ്യൂട്ടിയും വീക്ക്ലി ഓഫും, അധിക സമയമായ 2:35 മണിക്കൂറിന് അധിക വേതനവും നൽകി വരുന്നു. എന്നാൽ 26.11.2020-ൽ ദേശീയ പണിമുടക്കുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടതിനാൽ 25.11.2020-ന് ആരംഭിച്ച തിരുവനന്തപുരം - മൂന്നാർ സർവ്വീസിന് 26.11.2020-ന് ഷെഡ്യൂൾ സമയത്ത് തിരികെ തിരുവനന്തപുരത്ത് എത്തിച്ചേരാൻ കഴിയാത്ത സാഹചര്യം വന്നു ചേർന്നിരുന്നു. ആയതിനാൽ പ്രസ്തുത സർവ്വീസിലെ ക്രൂ ജീവനക്കാർക്ക് 26.11.2020-ൽ മൂന്നാർ ഡിപ്പോയിൽ അധികമായി തങ്ങിയ ഒരു ദിവസത്തേയ്ക്ക് ചട്ടപ്രകാരം ഒരു ഡ്യൂട്ടി അധികമായി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ജീവനക്കാർക്ക് നിലവിലുള്ള തൊഴിൽനീതി ഉറപ്പാക്കാൻ 8 മണിക്കൂർ സമയം ഒരു ഡ്യൂട്ടിയായി കണക്കാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ; | (ഡി) | 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2 (f), (i), (ii), (iii), 2(K) സെക്ഷൻ 13, 16, 17 എന്നിവകളിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും, പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്. നിലവിലെ ചട്ടപ്രകാരം ഡ്യൂട്ടിയ്ക്കിടയിലെ വിശ്രമ സമയം ഡ്യൂട്ടിയായി കണക്കാക്കുവാൻ വ്യവസ്ഥ ചെയ്യുന്നില്ല. ഈ വിഷയത്തിൽ ഒരു തൊഴിലാളിയുടേയും തൊഴിൽ അവകാശങ്ങൾ കെ.എസ്.ആർ.ടി.സി മാനേജ്മെന്റോ മറ്റ് ഉദ്യോഗസ്ഥരോ നിഷേധിച്ചിട്ടില്ലാത്തതുമാണ്. |
| (ഇ) | തൊഴിൽ അവകാശം സംരക്ഷിക്കപ്പെടേണ്ടതിനാൽ അത് നിഷേധിക്കുന്ന ഉദ്യോഗസ്ഥനീക്കം ഗവൺമെന്റ് നയത്തിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കുമോ? | (ഇ) | 1961-ലെ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് നിയമത്തിലെ സെക്ഷൻ 2 (f), (i), (ii), (iii), 2(K) സെക്ഷൻ 13, 16, 17 എന്നിവകളിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്. 13-ാം വകുപ്പ് പ്രകാരം ആഴ്ചയിൽ 48 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലും, പ്രത്യേക സാഹചര്യങ്ങളിൽ ആഴ്ചയിൽ 54 മണിക്കൂറിൽ അധികരിക്കാത്ത വിധത്തിലുമാണ് ഡ്യൂട്ടി ക്രമീകരിച്ചിരിക്കുന്നത്. നിലവിലെ ചട്ടപ്രകാരം ഡ്യൂട്ടിയ്ക്കിടയിലെ വിശ്രമ സമയം ഡ്യൂട്ടിയായി കണക്കാക്കുവാൻ വ്യവസ്ഥ ചെയ്യുന്നില്ല. ഈ വിഷയത്തിൽ ഒരു തൊഴിലാളിയുടേയും തൊഴിൽ അവകാശങ്ങൾ കെ.എസ്.ആർ.ടി.സി മാനേജ്മെന്റോ മറ്റ് ഉദ്യോഗസ്ഥരോ നിഷേധിച്ചിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ